presents

# *DREAM SHOT*



***2019***

***GOVT.MUHAMMADAN HSS FOR GIRLS***

***Alappuzha***

**ആശംസ**



ഒരുലക്ഷം സ്കൂൾകുട്ടികളുടെ ഐ.റ്റി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്(kerala infra structure and technology for education)പൊതുവിദ്യാഭ്യാസ മേഖലയെ സമ്പൂർണ്ണമായും ഡിജിറ്റൽ ആക്കുന്ന നിരവധി പ്രവർത്തനങ്ങളാണ് ലിറ്റിൽ കൈറ്റ്സിലൂടെ ലക്ഷ്യമിടുന്നത്.നമ്മുടെ സ്കൂളിലും വളരെ പ്രതീക്ഷയോടെ ഈ പദ്ധതി നടപ്പാക്കുന്നു.സ്കൂളിന്റെ സർവ്വതോൻമുഖമായ വളർച്ചയ്ക്ക് ഉതകുന്നരീതിയിലുള്ള പ്രവർത്തനം കാഴ്ചവയ്ക്കാൻ സ്കൂൾ ലിറ്റിൽകൈറ്റ്സിന് എല്ലാവിധ പിന്തുണയും ആശംസയും നേരുന്നു.

ഹെഡ്മാസ്റ്റർ

ഗോപാലകൃഷ്ണൻ നായർ.കെ

## ഉള്ളടക്കം

**1.ആശംസ**

**2.വിദ്യാലയം**

**3.Dream**

**4.കനവ്**

**5.പുഷ്പം**

**6.Lovely Tree**

**7.കേരളം**

**8.Love**

**9.Friendship**

**10.മിനിക്കഥ**

**11. സമയവും അളവും**

**12.Science in medical field**

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# വിദ്യാലയം




വിദ്യാലയ മുറ്റത്ത് സൗഹൃദം കൂടി നാം
അറിവുകൾ ഏറെ പഠിച്ചെടുത്തില്ലെ നാം
വിദ്യാലയമാണെന്റെ അറിവിന്റെ ഉറവിടം
സ്നേഹത്തിൻ സുന്ദര വിദ്യാലയം

ഇന്നു ഞാൻ നിൽക്കുന്ന പദവിക്ക് ഉടമയായ്
എന്നും ഞാൻ ഓർക്കുന്നു എന്റെ വിദ്യാലയം
എന്റെ വിദ്യാലയമാണെന്റെ ആശ്രയം
അറിവിന്റെ പൊരുളായ സ്നേഹവിദ്യാലയം

വൈഷ്ണവി കെ

# DREAM (poem)



**I love red colour**
**I dream my world in red**
**I dream my house to be red**
**I dream sky as red**
**I dream stars to be red**
**I love red colour**

**Farsana N**
**VI B**



**ശ്രമത്തിലാണ്**

**ഫലപ്രാപ്തിയിലല്ല**

**സംതൃപ്തി ഉളവാകുന്നത്**

**സംപൂർണ്ണ ശ്രമംസംമ്പൂർണ്ണ വിജയമാകുന്നു**

**ഗാന്ധിജി**

## കനവ്

നേരം ഏറെ വൈകിയിരിക്കുന്നു. ടൗൺവരെ ഒന്നുപോയതാണ്.ആകാശം വല്ലാതെ ഇരുണ്ടുകഴിഞ്ഞു. മഴമേഘങ്ങൾ വന്നുനിറയുന്നപോലെ.അമ്മ ഒപ്പം ഉണ്ടെന്നുള്ളതുപോലും ഓർക്കാതെ ഞാൻ നടപ്പിനു വേഗംകൂട്ടി.ഹൃദയതാളം തെറ്റുന്നപോലെ.പതിവില്ലാത്തവിധം മനസ് വിങ്ങുന്നു.എന്താകും കാരണം? വീടോടടുക്കുംതോറും മനസിലെ അസ്വസ്ഥത പെരുകുന്നു.ഇടറോഡിലോട്ട് കയറിയപ്പോൾ തന്നെ കണ്ടു വീടിനുമുന്നിലെ ആൾക്കൂട്ടം.ശരീരം തളർന്നു വരുന്നു.ഒരടിപോലും മുന്നോട്ടു നടക്കാൻ വയ്യാത്തപോലെ.ആൾക്കൂട്ടത്തിനിടയിൽ ചേട്ടന്റെയും മക്കളുടെയും മുഖം കണ്ടു. ആശ്വാസം. അവർക്കാർക്കും തന്നെ ഒന്നും സംഭവിച്ചിട്ടില്ല.പിന്നെ എന്താകും? ആളുകളെ വകഞ്ഞുമാറ്റി അകത്തുകടന്നപ്പോൾ കണ്ടു പൂമുഖത്ത് വെള്ളപുതപ്പിച്ച ഒരു ശരീരം. പെട്ടെന്ന് ആ മുഖം ഒന്നു കണ്ടു.അത് ഞാനല്ലേ? സംശയം തീരാതെ വീണ്ടും വീണ്ടും നോക്കി.അതെ.അത് ഞാൻതന്നെ.എന്നെത്തന്നെയാണ് അവിടെ കിടത്തിയിരിക്കുന്നത്. 'കൊന്നതാണ് 'പിന്നിൽ നിന്ന് ആരുടെയോ സ്വരം. കൊന്നുവെന്നോ...ആര്? എപ്പോൾ? എന്തിന്? ഒരായിരം ചോദ്യങ്ങൾ ഒരേസമയം പുറത്തേക്ക്. ഒരു നിമിഷം ..എനിക്ക് ഒന്നും മനസിലായില്ല. പതിയെ പതിയെ എനിക്ക് തിരിച്ചറിവ് വെച്ചു. എന്റെ മനസ്സാണ്,ആത്മാവാണ് പുറത്ത്പോയി വന്നിരിക്കുന്നത്. ഈ ശരീരം ഇവിടെത്തന്നെ ഉണ്ടായിരുന്നു. എന്നെ കൊണ്ടുപോകാൻ തയ്യാറായി യമദേവൻ നിൽക്കുന്നു. എനിക്കു മരിക്കണ്ടാ..മരിച്ചങ്ങു പോകാൻ കഴിയില്ല. ഞാൻ കരഞ്ഞു. ഒത്തിരിക്കാര്യങ്ങൾ ചെയ്യാനുണ്ട്.മോൾക്കുവേണ്ടി ഒന്നും കരുതിയിട്ടില്ല. മോന് കീബോർഡ് വാങ്ങിക്കൊടുക്കാമെന്നു പറഞ്ഞ് കുറേ ആയി ആശിപ്പിക്കുന്നു.സ്കൂൾ സോഷ്യലിന് പുതിയ ഉടുപ്പ്, ഷൂസ് ഒക്കെ വാങ്ങിക്കൊടുക്കണം. അങ്ങനെ കുറേക്കാര്യങ്ങൾ.ഇതൊക്കെ ചെയ്യാതെ എനിക്ക് പോകാൻ പറ്റുമോ.എന്റെ കരച്ചിൽ കണ്ട് അമ്മ പറഞ്ഞു..വയ്യെങ്കിൽ പോകണ്ടാന്ന്. മോൻ ഇടയ്ക്കിടെ വന്ന് എന്നെ കെട്ടിപ്പിടിക്കുന്നുണ്ട്.എനിക്ക് സഹിക്കാൻ കഴിയുന്നില്ല.ഇവരെവിട്ട് പോകാൻ എനിക്ക് കഴിയില്ല....സമയം വൈകുംതോറും എല്ലാവരും അസ്വസ്ഥരാകുന്നത് ഞാനറിഞ്ഞു.ഞാൻ വേഗം പോകാൻ ആഗ്രഹിക്കുന്നപോലെ.കാരണം എനിക്കു മനസിലായി. എന്റെ ശരീരം

മാറ്റിയാലല്ലേ അവർക്ക് പിരിഞ്ഞു പോകാൻ പറ്റൂ. ഞാനാകെ ധർമ്മ സങ്കടത്തി

ലായി. അമ്മ ആശ്വസിപ്പിച്ചു. കുഞ്ഞ് പൊയ്ക്കോ..എന്നെക്കൊണ്ട് ആവുംവരെ

മക്കളെ ഞാൻ നോക്കിക്കോളാം. കാത്തുനിൽക്കുന്ന മരണദേവനെയും

എന്റെ കുടുംബത്തെയും ഞാൻ മാറി മാറി നോക്കി. ഒടുവിൽ ഞാൻ

പോകാൻ തീരുമാനിച്ചു. ഞാൻ അലറിക്കരഞ്ഞു.....

അമ്മാ..അമ്മാ..എണീക്കുന്നില്ലേ? ഏഴ് മണി കഴിഞ്ഞു.ഇന്ന് സ്കൂളിൽ

പോകണ്ടേ? മോളുടെ ശബ്ദം. ഞാൻ കണ്ണു തുറന്നു. മക്കൾ രണ്ടുപേരും

മുന്നിൽ. എന്റെ സ്വപ്നമായിരുന്നുവോ എല്ലാം..

എന്നിൽനിന്നും ഒരു

ദീർഘനിശ്വാസമുതിർന്നു..പതിവുജോലികൾ

തുടരുമ്പോളും മനസിൽ ചോദ്യങ്ങൾ

ബാക്കിയാവുന്നു.ആരായിരിക്കും എന്നെ

കൊന്നത്? എന്തിനാവും?.........

# പുഷ്പം



ഞാനൊരു പുഷ്പമായി
വിരിയുംനേരം കാറ്റായി
നീ എന്നെ പുണരില്ലേ
എന്നിതൾ തഴുകി, എൻ കരം മുത്തമിട്ട്
എങ്ങോ മാഞ്ഞു നീ പോയില്ലേ....
തേൻ നുകരും പൂമ്പാറ്റയേപ്പോൽ
വർണ്ണമെഴും മഴവിൽ പോലെ നീ
എൻമുഖം കാണാനായി വരുകയില്ലേ
എൻ ഗന്ധമേൽക്കാൻ ഓടിയെത്തും കുരുന്നുകൾ
എന്നെ നശിപ്പിക്കാൻ മുതിരല്ലേ
ഞങ്ങളെന്നും പ്രകൃതി സ്വത്ത്..
ഞങ്ങളെന്നും ദൈവത്തിന്റെ വരദാനം

**സുൽത്താനഷാജി (VIII B)**

# LOVELY TREE

**Trees...Trees...Are Very Beautiful**
**The Good Air And Good Food**
**Are Gods Blessings**
**Human and animals**
**Like trees**
**Tree..tree...tree**
**Trees are the gift of God**
**I love trees**



**Rubabi R VIII B**

# LITTLE KITES TRAINING





# STUDY TOUR......MYSORE



# STATE KALOLSAVAM AT GMGHSS








# കേരളം

നാളീകാരത്തിന്റെ നാടെന്റെ കേരളം
നാട്ടുപച്ചപ്പിന്റെ കൗതുകം കേരളം
പുഴതൻ പൂക്കൾ തൻ വാസന്ത കേരളം
മലകൾ തൻ മരങ്ങൾ തൻ സുന്ദര കേരളം

കുയിലിന്റെ ഗാനവും അരുവിതൻ ഓളവും
മഴയുടെ ഈണവും ശോഭയാം കേരളം
കുളിർക്കാറ്റിൻ താളവും നെൽപ്പാടത്തിൻ
കതിരുകൾ, നാളീകേരത്തിൻ ശോഭയീ കേരളം

എൻ കേരള നാട്, എൻ പിറവിതൻ നാട്
എൻ കേരളം മലയാളപ്പിറവിതൻ നാട്
സുഗന്ധമാം സുവർണ്ണമാം കേരളനാട്



**നെസ്റഫാത്തിമ എൻ (IX A)**

*LOVE*

*I have learned*
*How to smile*
*How to love*
*How to be happy*
*How to be strong*
*But didn't learn*
*How to forget you*


*Happiness makes you sweet*
*Sadness makes you human*
*Sucess makes you glowing*
*Failure makes you humble*

*I don't know,how long it lasts*
*Are you ready to accept the*
*Challenge of love?*
*Will you join me or*
*Go straight away?*

***-Keerthi prasad***

*friendship*

is a treassure
which brings immense pleasue
friendship is a mirror
which cannot make and error
frinds all the gifts of god
and should not be kept closed



Friendship friends give use strength
thit lasts till death
**till you meet your end**

മിനിക്കഥ)

## പരിശ്രമം

പി.എൻ.അയന മേരിക്ലെയർ
VI B

ഒരുദിവസം രണ്ട് ചുണ്ടെലികൾ നാടുകാണാനിറങ്ങി നടന്നുനടന്ന് അവർ ഒരു കുടിലിലെത്തി.അവിടെ ഒരു കുടത്തിൽ തൈര് വച്ചിട്ടുണ്ടായിരുന്നു.അറിയാതെ അവർ അതിലേക്ക് വീണു രക്ഷപെടാനായി അവർ ശ്രമിച്ചു നടന്നില്ല. തന്റെ  വിധിയെ ശപിച്ചുകൊണ്ട് ഒരാൾ മുങ്ങിച്ചാകാൻ തയ്യാറായി.

പക്ഷേ രണ്ടാമത്തെയാൾ മുകളിലേക്ക് ചാടിക്കൊണ്ടേയിരുന്നു.ചുണ്ടെലിയുടെ തുടർച്ചയായ ചാട്ടം മൂലം തൈര് കടഞ്ഞ് വെണ്ണ അടിയാൻ തുടങ്ങി.

തൈരിനു മുകളിൽ പൊങ്ങി കിടക്കുന്ന വെണ്ണയിൽ കയറി ചുണ്ടെലികൾ രക്ഷപെട്ടു.

കൂട്ടുകാര  കഠിനപരിശ്രമം മൂലമാണ് തനിക്കും രക്ഷപെടാൻ കഴിഞ്ഞതെന്നു മനസ്സിലാക്കിയ മടിയൻ ചുണ്ടെലി പിന്നീടൊരിക്കലും വിധിയെ പഴി

ഏതാപത്തിലും കഠിനപരിശ്രമത്തിലൂടെഅവന്സ്വയരക്ഷ കണ്ടെത്താൻ തുടങ്ങി

# സമയവും അളവും

1 നാഴിക – 24 മിനിറ്റ്

2 ½ നാഴിക – 1 മണിക്കൂര്‍

1 വിനാഴിക – 24 സെക്കന്റ്

1 യാമം - 3 മണിക്കൂര്‍

1 സെന്റ് - 40.47 ച. മീ.

100 സെന്റ് - 1 ഏക്കര്‍

100 ച. മീ. - 1 ആര്‍. 0.25 ഏക്കര്‍

100 ആര്‍ – 1 ഹെക്ടര്‍

1000 kg. - 1 ടണ്‍

1 നാഴി **- 250** ഗ്രാം

# SCIENCE IN MEDICAL FIELD

In the medical field science has lessened human suffering and it has increased the joys of life. Penicillin , x-ray ,biopsy and ECG etc. are the wonders of modern science. Doctors and patients cannot have a single day without these. In the past many people had died lacking of proper medical treatment. Then complicated medical treatment was not possible because the lack of scientific *knowledge.*



കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# Little KITEs

# ലിറ്റിൽ കൈറ്റ്സ്

## ഹൈടെക് വിദ്യാലയങ്ങളിലെ കുട്ടികളുടെ

# ഐ.ടി കൂട്ടായ്മ

- വിവിധ പരിശീലനങ്ങൾ
- വിദഗ്ധരുടെ ക്ലാസുകൾ
- ഇൻഡസ്ട്രിയൽ വിസിറ്റുകൾ
- ക്യാമ്പുകൾ



- അനിമേഷൻ
- പ്രോഗ്രാമിങ്
- മൊബൈൽ ആപ്പ് നിർമ്മാണം
- ഗ്രാഫിക് ഡിസൈനിങ്
- മലയാളം കമ്പ്യൂട്ടിങ്
- ഹാർഡ്‌വെയർ
- ഇലക്ട്രോണിക്സ്
- റോബോട്ടിക്സ്
- സൈബർ സുരക്ഷ
- വെബ് ടി.വി

- മികവു പുലർത്തുന്നവർക്ക് എ, ബി, സി ഗ്രേഡുകൾ

യൂണിറ്റ് ആരംഭിക്കാൻ സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം

**അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: 2018 ഫെബ്രുവരി 24**

**ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐ.സി.ടി കൂട്ടായ്മ**

വിശദവിവരങ്ങൾക്ക് www.kite.kerala.gov.in സന്ദർശിക്കുക

കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എജ്യുക്കേഷൻ (കൈറ്റ്),
പൂജപ്പുര, തിരുവനന്തപുരം 12, ഫോൺ: 0471 2529800, ഫാക്സ്: 2529810
contact@kite.kerala.gov.in

victers.itschool.gov.in
സമ്പൂർണ്ണ വിദ്യാഭ്യാസ ചാനൽ

